# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

**പുന്നൻ റോഡ്, തിരുവനന്തപുരം 695 001.**

**Tel: 0471 2335199, Fax: 0471 2330920 Email: sic.ker@nic.in**

**ഹർജി നമ്പർ എ.പി. 310(3)/2020/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**(ഫയൽ നമ്പർ 1405/എസ്.ഐ.സി.ജി1/2020)**

**സന്നിഹിതൻ**

**ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ.കുര്യൻ എൻ.എസ്,<br>നിലപ്പറ വീട്, വളച്ചിറ, കുടത്തുരുത്തി പി.ഒ,<br>കോട്ടയം.** | **അപ്പീൽ ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| **1) സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>മൈനിങ് ആന്റ് ജിയോളജി ഡയറക്ടറേറ്റ്,<br>കേശവദാസപുരം, പട്ടം പാലസ് പി.ഒ,<br>തിരുവനന്തപുരം – 4.<br><br>2) അപ്പീൽ അധികാരി,<br>മൈനിങ് ആന്റ് ജിയോളജി ഡയറക്ടറേറ്റ്,<br>കേശവദാസപുരം, പട്ടം പാലസ് പി.ഒ,<br>തിരുവനന്തപുരം – 4.** | **എതിർകക്ഷികൾ** |

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 24.06.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 23.07.2019 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 21.08.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29.10.2019 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 20.01.2020 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 24.01.2020 |

## ഉത്തരവ്

17.09.2020 – ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, ഹർജിക്കാരനും എതിർകക്ഷിയും ഓഡിയോ കോൺഫറൻസ് മുഖേന കമ്മീഷൻ മുമ്പാകെ നൽകിയ വിശദീകരണവും വിശദമായി പരിശോധിച്ച് അന്നേ ദിവസം തന്നെ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

2. മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ.സി.കെ. ബൈജു സർവ്വീസിൽ കയറിയ അന്നുമുതലുള്ള പെർമനന്റ് എംപ്ലോയ്മെന്റ് നമ്പർ (PEN), ടിയാനോ ടിയാന്റെ കുടുംബാംഗങ്ങളോ വസ്തു, വീട്, വാഹനം എന്നിവ വാങ്ങുന്നതിനോ, ഏതെങ്കിലും വ്യക്തികൾക്കെതിരെ സിവിലോ, ക്രിമിനലോ ആയി കേസ് ഫയൽ ചെയ്യുന്നതിന് സർക്കാരിന്റെ അനുവാദം വാങ്ങിയിട്ടുണ്ടെങ്കിൽ അതിന്റെയും, ടിയാൻ ഫയൽ ചെയ്തിട്ടുള്ള സ്വത്ത് വിവര സ്റ്റേറ്റ്മെന്റുകളുടെയും, ടിയാനെതിരെ പതിവിൽ കവിഞ്ഞ സ്വത്ത് സമ്പാദ്യ കേസുകളോ അഴിമതികേസുകളോ, ഓഡിറ്റ് പരാമർശങ്ങളോ ഉണ്ടായിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട എല്ലാ രേഖകളുടെയും പകർപ്പുകളും ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ യിൽ നിന്നും അപ്പീൽ അധികാരിയിൽ നിന്നും ലഭിച്ച മറുപടിയിൽ കൂടിയും രേഖകളിൽ കൂടിയും ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും ലഭിച്ചില്ലെന്ന് ആരോപിച്ചുകൊണ്ട് ശ്രീ.സി.കെ.ബൈജുവിന്റെ സ്വത്ത് വിവര സ്റ്റേറ്റ്മെന്റുകളുടെ പകർപ്പ്, PEN നമ്പർ, സ്വത്ത് സമ്പാദ്യത്തിനോ ആർക്കെങ്കിലുമെതിരെ കേസ് നൽകുന്നതിനോ അനുവാദം തേടിയിട്ടുള്ള കേസ് ഫയലുകൾ, ടിയാനെതിരെയുള്ള അഴിമതി കേസുകൾ, വകുപ്പുതല നടപടികൾ എന്നിവയുൾപ്പെട്ട രേഖകളുടെ പകർപ്പുകളും ലഭ്യമാക്കുവാൻ ഉത്തരവുണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ അപ്പീൽ ഹർജി കമ്മീഷനിൽ സമർപ്പിക്കപ്പെട്ടത്.

3. ഈ അപ്പീൽ ഹർജി സംബന്ധിച്ച് എസ്.പി.ഐ.ഒ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ നിന്നും, ബോധിപ്പിച്ച മൊഴിയിൽ നിന്നും ബോധ്യമാകുന്നത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സി.കെ.ബൈജുവിനെതിരെ, ടിയാൻ ജിയോളജിസ്റ്റ് തസ്തികയിൽ ജോലിചെയ്തിരുന്ന അവസരത്തിൽ നടന്ന വിജിലൻസ് കേസുമായി ബന്ധപ്പെട്ട വിവിധ ഫയലുകളിലെ 827 പേജുകൾ വരുന്ന എല്ലാ പേജുകളും ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നാണ്. കൂടാതെ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ ലഭിക്കുന്ന സമയത്ത് ശ്രീ.സി.കെ.ബൈജുവിന്റെ പേരിൽ വരവിൽ കവിഞ്ഞ സ്വത്ത്

സമ്പാദ്യവുമായി ബന്ധപ്പെട്ട ഫയൽ ഓഫീസിൽ ഉണ്ടായിരിന്നില്ലെന്നും, പിന്നീടാണ് ടി വിഷയവുമായി ബന്ധപ്പെട്ട വിജിലൻസ് കേസിന്റെ അന്തിമ റിപ്പോർട്ട് സർക്കാരിൽ നിന്നും ലഭ്യമായത് എന്നതു കൊണ്ടാണ് അത് സംബന്ധിച്ച വിവരങ്ങൾ ഹർജിക്കാരന് നൽകാതിരുന്നതെന്നും, ശ്രീ.സി.കെ.ബൈജുവോ ടിയാന്റെ കുടുംബഗങ്ങളോ ആസ്തികൾ വാങ്ങുന്നതിനോ, ഏതെങ്കിലും വ്യക്തികൾക്കെതിരെ സിവിലായോ ക്രിമിനലായോ കേസ് ഫയൽ ചെയ്യുന്നതിനായി സർക്കാരിന്റെയോ ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥന്റെയോ അനുവാദം വാങ്ങിയിട്ടുള്ളതായി സൂചിപ്പിക്കുന്ന യാതൊരു ഫയലും ടി ഓഫീസിൽ ഇല്ലെന്നും; ശ്രീ.സി.കെ.ബൈജുവിന്റെ പെർമനന്റ് എംപ്ലോയ്മെന്റ് നമ്പരും (PEN) ടിയാൻ സമർപ്പിച്ച സ്വത്ത് വിവര സ്റ്റേറ്റ്മെന്റും മൂന്നാംകക്ഷി വിഷയമായതിനാലും അത്തരം വിവരങ്ങൾ വെളിപ്പെടുത്തരുതെന്ന് ശ്രീ.സി.കെ.ബൈജു അഭ്യർത്ഥിച്ചിട്ടുള്ളതിനാലും അത്തരം വിവരങ്ങൾ നൽകിയിട്ടില്ലെന്നുമാണ്.

4. ഒരു ജീവനക്കാരന്റെ സ്വത്ത് വിവരസ്റ്റേറ്റ്മെന്റ് സീൽഡ് കവറിലാണ് സമർപ്പിക്കുന്നത്. ടിയാനെതിരെ അതുമായി ബന്ധപ്പെട്ട ഒരു അന്വേഷണം നടക്കുമ്പോൾ മാത്രമാണ് സീൽഡ് കവർ തുറക്കേണ്ടി വരുന്നത്. അത്തരം സീൽഡ് കവർ തുറക്കാത്തിടത്തോളംകാലം അതിൽ ഉൾപ്പെട്ടിട്ടുള്ള വിവരങ്ങൾ ഒരു പൊതു അധികാര സ്ഥാനത്തിന്റെ അധീനതിയിലുണ്ടെന്ന് കരുതുവാൻ നിർവ്വാഹമില്ല. അത്തരം സീൽഡ് കവറിലുള്ള വിവരങ്ങൾ എന്താണെന്ന് ബന്ധപ്പെട്ട സ്ഥാപനത്തിലെ മേലധികാരിക്കു പോലും അറിവില്ലാത്തതാണ് എന്നതാണ് അതിനുള്ള കാരണം. ആയതിനാൽ സീൽഡ് കവറിൽ സൂക്ഷിച്ചിരിക്കുന്ന ഒരു വിവരം വിവരാവകാശ നിയമത്തിലെ 2(f) വകുപ്പിൽ നിർവചിച്ചിരിക്കുന്ന "വിവര"ത്തിന്റെ ഗണത്തിൽപ്പെടുത്തുവാൻ നിർവ്വാഹമില്ല. അതിനാൽ അത് സംബന്ധിച്ച ഹർജിക്കാരന്റെ ആവശ്യം നിരസിച്ച എസ്.പി.ഐ.ഒ യുടെയും അപ്പീൽ അധികാരിയുടെയും നടപടി കമ്മീഷൻ ശരിവയ്ക്കുന്നു.

5.   ഒരു ഉദ്യോഗസ്ഥന്റെ പെർമനന്റ് എംപ്ലോയ്മെന്റ് നമ്പർ (PEN) വെളിപ്പെടുത്തുന്നതു വഴി ആ ഉദ്യോഗസ്ഥന് കാര്യമായ പ്രയാസങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. PEN, മൊബൈൽ നമ്പർ, ജനന തീയതി എന്നിവ ഉപയോഗിച്ച് പ്രസ്തുത ജീവനക്കാരന്റെ സ്പാർക്ക് അക്കൗണ്ടിൽ പ്രവേശിക്കുവാനും അതിൽ തിരുത്തലുകളും കൃത്രിമങ്ങളും കാണിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നതിനാൽ PEN ഒരു വ്യക്തിഗത വിവരമായി പരിഗണിച്ച് വിവരാവകാശ നിയമം 8(1)(j) പ്രകാരം സംരക്ഷണം ലഭിക്കുവാൻ അർഹതയുള്ളവയാണ്. ആയതിനാൽ PEN സംബന്ധിച്ച വിവരങ്ങൾ ലഭിക്കുവാൻ ഹർജിക്കാരന് അവകാശമില്ല. വരുമാനത്തിൽ കവിഞ്ഞ സ്വത്ത് സമ്പാദ്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ ലഭിക്കുന്ന സമയം മൈനിംഗ് & ജിയോളജി വകുപ്പിൽ ലഭ്യമായിട്ടുള്ള വിവരങ്ങളല്ലായിരുന്നു. വിവരാവകാശ നിയമപ്രകാരം അപേക്ഷ ലഭിക്കുന്ന സമയത്ത് ഒരു പൊതു അധികാരസ്ഥാനത്തിന്റെ അധീനതയിലുള്ള വിവരങ്ങൾ മാത്രമേ വിവരാവകാശ അപേക്ഷയിലൂടെ കരസ്ഥമാക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ ആ വിഷയത്തിലും എസ്.പി.ഐ.ഒ യുടെ നടപടി ശരിവയ്ക്കുന്നു.

6.   മുകളിൽ പറഞ്ഞ കണ്ടെത്തലുകളോടെ ഈ അപ്പീൽ ഹർജിയിൽ അനന്തര നടപടികൾ ആവശ്യമില്ലെന്ന്കണ്ട് ഇന്നേ ദിവസം, 2020 സെപ്റ്റംബർ മാസം 17-ാം തീയതി തീർപ്പാക്കുന്നു.

**ഒപ്പ്**
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**On I. G. S.**

നം. 310(3)/54/2020




To,

ശ്രീ. കരുൺ. N.S
ശിലാമ്പവീട്, വടക്കേ
കുന്നത്തുനാട്. P.O
കോട്ടയം

**STATE INFORMATION COMMISSION, KERALA**
**THIRUVANANTHAPURAM-695 001.**
**TEL: 0471-2320920 FAX: 2330820, 2330920**